(സി) എല്ലാ വകുപ്പുകളും മുളകുന്നത്തു കാവിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) തൃശൂർ മെഡിക്കൽ കോളേജ് മുളംകുന്നത്തുകാവിൽ എന്നേക്ക് പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർജറി, ന്യൂറോസർജറി, പീഡിയാട്രിക് സർജറി, ജനിറ്റോ-യൂറിനറി സർജറി, ഇ.എൻ.റ്റി., ഓർത്തോപീഡിക്സ്, ഓഫ്താൽമോളജി, ഒ. ആന്റ് ജി., അനസ്തേഷ്യ, റേഡിയോ ഡയഗ്നോസിസ്, ഡെന്റിസ്ട്രി, ബ്ലഡ് ബാങ്ക്, പ്ലാസ്റ്റിക് സർജറി, ട്രോമാകെയർ യൂണിറ്റ്.

(ബി) ഉണ്ട്.

(സി)&(ഡി) ആയിരത്തി ഇരുന്നൂറ് കിടക്കകളുള്ള കെട്ടിട സമുച്ചയം, സർജറി, ഒ.പി. ബ്ലോക്ക് എന്നിവ ഉൾപ്പെടെ, കെട്ടിടങ്ങളുടെ പണിപൂർത്തീകരിച്ചു കഴിയുകയും ശുദ്ധജല വിതരണപ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു കഴിഞ്ഞാലേ മെഡിക്കൽ കോളേജ് മുളംകുന്നത്തുകാവിൽ പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ.

210 (2526) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജറി, ഗൈനക്കോളജി വകുപ്പുകൾ മുളങ്കുന്നത്ത് കാവിലേക്ക് എന്നത്തേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) മുളങ്കുന്നത്ത് കാവിൽ എത്ര സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണി തീർത്തിട്ടുണ്ട്;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ക്വാർട്ടേഴ്സുകൾ ആവശ്യക്കാർക്ക് എത്രയും പെട്ടെന്ന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളങ്കുന്നത്തു കാവിൽ നിലവിൽ പൂർണ്ണ തോതിലുള്ള ഓപ്പറേഷൻ തീയേറ്ററുകൾ സജ്ജീകരിച്ചിട്ടില്ല. ആയത് സജ്ജീകരിക്കുകയും, സർജറി, ഒ.പി. എന്നിവയുടെ കെട്ടിടങ്ങൾ പൂർത്തിയാക്കുകയും ചെയ്തശേഷമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയൂ.

(ബി) അറുപത്തി ഒന്ന് സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണിത്തീർന്നു.

(സി) പതിനെട്ട് എണ്ണം കൂടി കൈമാറാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)&(ഇ) വെള്ളപൂശൽ, പെയിന്റിംഗ് തുടങ്ങിയ ജോലികൾ കൂടി തീർക്കാനുള്ളതിനാലാണ് കൈമാറാൻ വൈകുന്നത്. മേൽ ജോലികൾ തീരുന്നമുറക്ക് നടപടി സ്വീകരിക്കുന്നുണ്ട്.

211 (2527) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പി.ബി.എക്സ് സിസ്റ്റം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിലെ പി.എ.ബി.എക്സ് സിസ്റ്റം പ്രവർത്തനരഹിതമായിട്ട് എത്ര വർഷമായി എന്നറിയിക്കുമോ;

(ബി) ഈ സിസ്റ്റത്തിൽനിന്നുള്ള ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലെ എക്സ്റ്റെൻഷൻ പ്രവർത്തിക്കുന്നില്ല എന്ന് പറയാമോ;

(സി) പ്രസ്തുത സിസ്റ്റം പ്രവർത്തനക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ സിസ്റ്റത്തിന്റെ കേബിൾ ജോലികൾക്ക് കോൺട്രാക്റ്റ് നൽകിയിരിക്കുന്നത് ആർക്കാണ്;

(ഇ) പ്രവർത്തനക്ഷമമാക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) ഈ സിസ്റ്റം എന്നേയ്ക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഇ.പി.എ.ബി.എക്സ് സിസ്റ്റമാണ് നിലവിലുള്ളത്.

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ, ആഡിറ്റോറിയം, വർക്ക് ഷോപ്പ്, അക്കൗണ്ട്സ് തുടങ്ങിയ വിഭാഗങ്ങളിൽ എക്സ്റ്റെൻഷൻ പ്രവർത്തിയ്ക്കുന്നില്ല.

(സി) പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആർക്കും നൽകിയിട്ടില്ല.

(ഇ) സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാകാറില്ല.

(എഫ്) തകരാറുകൾ പരിഹരിച്ച് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതാണ്.

212 (2528) തൃശൂർ മെഡിക്കൽ കോളേജിലെ പി.ബി.എക്സ് സംവിധാനം

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിലെ പി.ബി.എക്സ് സംവിധാനം പ്രവർത്തനരഹിതമായിട്ട് എത്രവർഷമായി എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly